## വന്യജീവി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, കേരളയുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ, ഐ.എഫ്.എസ്**

വിഷയം: കേരള വനം വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 287/2018/വനം തീയതി, തിരുവനന്തപുരം, 19.06.2018.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23.06.2018-ലെ ഇ4-39475/16 നമ്പർ അനൗദ്യോഗിക കുറിപ്പ്.
3. ഈ ഓഫീസിലെ ഉത്തരവ് നമ്പർ ഡി1-19726/14 തീയതി 30.06.2018
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.09.2018-ലെ ഇ4-39475/16 നമ്പർ അനൗദ്യോഗിക കുറിപ്പ്.

### ഉത്തരവ് നമ്പർ ഡി1-19726/14 തീയതി 11.09.2018

സർക്കാരിന്റെ പരാമർശം (1) ഉത്തരവിൽ, വനം വകുപ്പിൽ നിലവിൽ ഒഴിവുള്ള 45 റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക്, വകുപ്പിൽ ജോലി ചെയ്യുന്ന 45 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമം അനുസരിച്ച്, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമിതരായ ഉദ്യോഗാർത്ഥികൾ അവരുടെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ് എന്ന വ്യവസ്ഥയിൽ, താൽക്കാലിക പ്രൊമോഷന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിലക്കിൽ ഇളവ് അനുവദിച്ച്, കെ.എസ് & എസ്.എസ്. ആർ. ചട്ടം 31 (a) (i) പ്രകാരം അതിലെ നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനായി 21.04.2018-ൽ ഡി1-19726/14 നമ്പരായി സർക്കാരിന് ശുപാർശ സമർപ്പിച്ച അവസരത്തിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ കൂടാതെയും, 31.07.2018 വരെ ഈ തസ്തികയിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും, 2018-ൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരായി സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ഉണ്ടാകാവുന്ന ഒഴിവും കൂട്ടിച്ചേർത്താണ് 2018 വർഷത്തിൽ 45 ഒഴിവുകൾ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുള്ളത്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഒരു സുപ്രധാന തസ്തികയായതിനാലും, പദ്ധതികളുടെ നിർവ്വഹണത്തിലും, വനസംരക്ഷണ ത്തിലും റെയിഞ്ച് തലത്തിൽ ഇവർ നിർണ്ണായക പങ്ക് വഹിക്കുന്നതിനാലും, ഈ തസ്തിക ഒഴിച്ചിടുന്നത് ഭരണപരമായ പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാൽ ഭരണ പ്രതിസന്ധി മറികടക്കുന്നതിനായുള്ള ഒരു താൽക്കാലിക സംവിധാനം മാത്രമായാണ് താൽക്കാലിക പ്രൊമോഷന് പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുള്ളത്. പ്രൊമോഷന് തികച്ചും യോഗ്യരായവരെ അവരുടെ കഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ മാത്രമേ പ്രൊമോട്ടുചെയ്യാൻ പാടുള്ളുവെന്നും അവർക്കെതിരെ തീർപ്പാക്കാത്ത വകുപ്പുതല നടപടികൾ/ വിജിലൻസ് കേസ്/അന്വേഷണം തുടങ്ങിയവ ഒന്നും തന്നെ നിലവിലില്ല എന്നുറപ്പ് വരുത്തുവാനും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം (2) പ്രകാരമുള്ള അനൗദ്യോഗിക കുറിപ്പിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക സ്ഥാനക്കയറ്റം നൽകുവാൻ പരാമർശം (1)-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി കഴിവും യോഗ്യതയും ഉള്ള 28 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പേരുവിവരം സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 28 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവായിരുന്നു.

ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം (4) പ്രകാരമുള്ള അനൗദ്യോഗിക കുറിപ്പിൽ

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക സ്ഥാനക്കയറ്റം നൽകുവാൻ പരാമർശം (1)-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി കഴിവും യോഗ്യതയും ഉള്ള 15 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പേരുവിവരം സമർപ്പിച്ചിട്ടുണ്ട്.

സർക്കാരിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം 45 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റത്തിന് അനുമതി ലഭിച്ചിട്ടുളളതിൽ 28 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കാണ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താൽക്കാലിക സ്ഥാനക്കയറ്റം, പരാമർശം (3) ഉത്തരവ് പ്രകാരം നൽകിയിട്ടുളളത്. 17 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താൽക്കാലിക സ്ഥാനക്കയറ്റം നൽകുവാനുളള അനുമതി അവശേഷിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ പേരു ചേർത്തിരിക്കുന്ന 15 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് 39500-83000 ശമ്പള സ്കെയിലിൽ കെ.എസ് & എസ്.എസ്.ആർ. ചട്ടം 31 (a) (i) 2-ാം വാല്യം പ്രകാരമുള്ള നിബന്ധനകൾക്കും,ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പി.കെ.കേശവൻ, ഐ.എഫ്.എസ്, വന്യജീവി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരള എന്ന ഞാൻ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമം |
|---|---|---|
| 1. | കൃഷ്ണദാസ്. ജി. | 67 |
| 2. | വിജയൻ. എം. | 85 |
| 3. | സവിൻ സുന്ദർ. പി. | 119 |
| 4. | അജിത്കുമാർ. ബി. | 120 |
| 5. | ഷെറീഫ്.പി. | 121 |
| 6. | പ്രദീപൻ.കെ.സി. | 122 |
| 7. | ഷാജി ജോസ്.റ്റി.എഫ്. | 123 |
| 8. | രമേശൻ.എം. | 124 |
| 9. | അനുരേഷ്.കെ.വി. | 126 |
| 10. | രഞ്ജിത് കുമാർ.എസ്. | 127 |
| 11. | അബ്ദുൾ സലാം.കെ.എ. | 129 |

| | | |
|---|---|---|
| 12. | സെൽവരാജ്. സി. | 131 |
| 13. | രതീശൻ.പി. | 132 |
| 14. | വിനോദ്കുമാർ.പി.വി. | 133 |
| 15. | അജയൻ. സി. | 134 |

1. ഈ സ്ഥാനക്കയറ്റം ഭരണപരമായ പ്രതിസന്ധി മറികടക്കുന്നതിനുള്ള താൽക്കാലിക നിയമനം മാത്രമാണ്. താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്നു എന്ന കാരണത്താൽ ഭാവിയിലെ പ്രൊമോഷൻ/സീനിയോരിറ്റി എന്നീ കാര്യങ്ങളിലൊന്നും ഇവർക്ക് യാതൊരു മുൻഗണനയും ലഭിക്കുന്നതല്ല.
2. ടി സ്ഥാനക്കയറ്റം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ അധികരിച്ചിട്ടുള്ളതാകയാൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ, നിശ്ചിത ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക ലഭിച്ചവരെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ്.
3. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് മാത്രമേ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക നിയമനം ലഭിച്ചവരുടെ നിയമനം ക്രമീകരിക്കുകയുള്ളു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ (വന്യജീവി വിഭാഗം) &
ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരള

To

സ്ഥാനക്കയറ്റം ലഭിച്ച എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് (ഓഫീസ് മേലധികാരി മുഖേന) അറിവിലേയ്ക്കായി നൽകുന്നു.

പകർപ്പ്:
1. പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വിഭാഗത്തിന് അറിവിലേയ്ക്കായി നൽകുന്നു.
2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർമാർക്കും അറിവിലേയ്ക്കായി നൽകുന്നു.

3. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ മാർക്കും/കൺസർവേറ്ററർമാർക്കും/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മാർക്കും അറിവിലേയ്ക്കായി നൽകുന്നു.
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററർ (എഫ്.എം.ഐ.എസ്)-ന് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
5. അക്കൗണ്ടന്റ് ജനറൽ (എ.ഇ), കേരള, തിരുവനന്തപുരത്തിന് നൽകുന്നു.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.
7. ഇ സെക്ഷൻ, എച്ച് സെക്ഷൻ, ബി സെക്ഷൻ- സൂപ്രണ്ട് മുഖേന